Philadelphia REVIVAL CHURCH
HIS FULNESS
HIS FAITH
HIS COVENANT

ജൂൺ 2018

# റിവൈവൽ വോയ്സ്

റിവൈവൽ ചർച്ച് പ്രസിദ്ധീകരണം



- പാസ്റ്ററുടെ സന്ദേശം
- വചന പഠനം: സീയോൻ
- വിശ്വാസ വീരന്മാർ - വില്യം കേറി

ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല. മത്തായി 16:18

www.prconline.org

Private Circulation Only



# പാസ്റ്ററുടെ സന്ദേശം

ജൂൺ മാസം ആരംഭിക്കുന്നതോടെ വർഷത്തിന്റെ പകുതി നാം പിന്നിട്ടു. നിങ്ങൾ ഡയറിക്കുറിപ്പുകൾ സൂക്ഷിക്കുന്ന വ്യക്തിയാണെങ്കിൽ ഈ വർഷത്തെ പല ഓർമ്മകളും അതിൽ കാണുമായിരിക്കും. ശ്രേഷ്ഠരായ പല ദൈവദാസീദാസന്മാരും ഡയറിക്കുറിപ്പുകൾ സൂക്ഷിക്കുന്നവരാണ്. ഡയറിക്കുറിപ്പുകൾ ഉള്ളത് ഉദാത്തമായ ഒരു മാതൃകയാണ്.

ജീവിതവസാനത്തോടടുക്കുമ്പോൾ, നിറഞ്ഞ ഹൃദയത്തോടെ ദൈവത്തെ സ്തുതിക്കുവാൻ ഡയറിക്കുറിപ്പുകൾ സഹായിക്കും എന്നത് എത്ര സന്തോഷകരമായ അവസ്ഥയാണ്. നാം എവിടെയായിരുന്നുവെന്നും, എങ്ങോട്ടു പോകുന്നുവെന്നും ജൂൺ 2018 നമ്മെ ചിന്തിപ്പിക്കട്ടെ.

സ്വയം ശോധനക്കുള്ള ചില ചോദ്യങ്ങൾ,

1. എന്റെ ഉള്ളിലുള്ള ദൈവസ്നേഹം എത്രകണ്ട് വർദ്ധിച്ചിട്ടുണ്ട്?

2. എന്നോട് ചേർന്ന് പ്രവർത്തിക്കുവാൻ പരിശുദ്ധാത്മാവിനു എത്രത്തോളം സാധിച്ചു?

3. പലരിലും വിശ്വാസം വർദ്ധിച്ചപ്പോൾ, എന്റെ വിശ്വാസം വർദ്ധിച്ചതായി ഞാൻ കാണുന്നുണ്ടോ?

4. എന്റെ ഹൃദയം കൂടുതൽ നന്ദി നിർഭരമായിട്ടുണ്ടോ?

5. പിതാവിനെയും താനയച്ച പുത്രനെയും അറിയുന്നതാണ് നിത്യജീവൻ. നിത്യജീവനിൽ എനിക്കുള്ള അളവ് വർദ്ധിച്ചിട്ടുണ്ടോ?

6. ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരാകുവിൻ എന്ന് വിശുദ്ധനായവൻ അരുളിച്ചെയ്യുന്നു. ദൈവം വിശുദ്ധിയിൽ പ്രസാദിക്കുന്നവനത്രെ.

7. എനിക്ക് ക്രിസ്തുവിൽ സ്വസ്ഥത കാണുന്നുണ്ടോ?

സഭയിൽ അത്ഭുതകരമായ മാറ്റങ്ങൾ കാണുന്നു എന്ന് പറയുവാൻ ഞാനാഗ്രഹിക്കുന്നു. പ്രത്യാശയും, അഭിഷേകവും വർദ്ധിച്ചിരിക്കുന്നു. അനേകരും ആത്മീയമായി ഉയരുന്നു. പലരും പൂർണ്ണതയിലെത്തുവാൻ തീരുമാനിച്ചിരിക്കുന്നു. വാഗ്ദത്ത പ്രകാരം ശക്തമായ ഒരു ഉണർവ്വിനും മുന്നേറ്റത്തിനുമായി ചിലർ പ്രാർത്ഥിക്കുന്നു. അത്ഭുതകരമായ സൗഖ്യങ്ങൾ നാം കാണുന്നു.

ഈ വർഷത്തെ തുടർന്നുള്ള സമയം ദൈവപ്രവർത്തിക്കായി നമ്മെത്തന്നെ അധികം സമർപ്പിക്കാം. ദൈവം ശക്തനാണ്, മതിയായവനാണ്.

**ഷിജു നൈനാൻ**

**പാസ്റ്റർ, ഫിലാഡൽഫിയ റിവൈവൽ ചർച്ച്**

# വചന പഠനം: സീയോൻ

*സങ്കീർത്തനങ്ങൾ 50:2 സൌന്ദര്യത്തിന്റെ പൂർണ്ണതയായ സീയോനിൽനിന്നു ദൈവം പ്രകാശിക്കുന്നു.*

മനോഹരമായി പ്രകാശിക്കുന്ന സീയോനിൽ ദൈവതേജസ്സാണ് നാം കാണുന്നത്. ക്രിസ്തുവിൽ നമുക്ക് ലഭ്യമായ, നമ്മിൽ ഉൾനട്ട പുതിയ മനുഷ്യനാണ്, സീയോൻ എന്ന് നാം മനസ്സിലാക്കിയിട്ടുണ്ടല്ലോ.

*എബ്രായർ 1 : 3 അവൻ അവന്റെ തേജസ്സിന്റെ പ്രഭയും തത്വത്തിന്റെ മുദ്രയും സകലത്തേയും തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവനും ആകകൊണ്ടു പാപങ്ങൾക്കു പരിഹാരം ഉണ്ടാക്കിയശേഷം ഉയരത്തിൽ മഹിമയുടെ വലത്തുഭാഗത്തു ഇരിക്കയും*

ദൈവത്തിന്റെ കാണപ്പെട്ട പ്രതിച്ഛയായും തന്റെ മഹത്വത്തിന്റെ പ്രഭയുമാണ് ക്രിസ്തു.

പുനരുത്ഥാനം ചെയ്ത ക്രിസ്തുവാകുന്നുവല്ലോ നമ്മിലെ ഉൾനട്ട മനുഷ്യൻ. ഉൾനട്ട മനുഷ്യനിൽകൂടെ ദൈവം (ക്രിസ്തുവിന്റെ പൂർണ്ണതയിൽ) പ്രകാശിക്കുന്നു. നമ്മിലുള്ള ഉൾനട്ട പുതു മനുഷ്യനിൽ കൂടെ ദൈവം പ്രകാശിക്കുന്നു.

നാം വീണ്ടും ജനിക്കുമ്പോൾ എപ്രകാരമാണ് ഉൾനട്ട മനുഷ്യൻ നമ്മിൽ ജനിക്കുന്നത്? ദൈവവചനവും പരിശുദ്ധാത്മാവും ചേർന്ന് മറിയയുടെ ഉദരത്തിൽ യേശു ജനിച്ചതുപോലെയത്രെ പുതിയമനുഷ്യൻ നമ്മിൽ ജനിക്കുന്നത്.

ക്രിസ്തു നമ്മിൽ ഉളവാകുന്നു എന്നതാണ് നാം വീണ്ടും ജനനം പ്രാപിക്കുന്നു എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

നമ്മിലുള്ള ഈ പുതുമനുഷ്യൻ ആത്മീയമായി സീയോനെ പ്രതിനിധാനം ചെയ്യുന്നു. യേശു ക്രിസ്തുവിൽ, നമ്മിൽ ഉൾനട്ട പുതു മനുഷ്യനിൽ കൂടെ പിതാവാം ദൈവം പ്രകാശിക്കുന്നു.

കർത്താവായ യേശുവേ, അവിടുന്നു ദൈവപുത്രനാകുന്നു, അങ്ങയെ ഞാനെന്റെ രക്ഷിതാവും കർത്താവുമായി അംഗീകരിക്കുന്നു. അങ്ങയുടെ വചനത്തിലും ആത്മാവിലും കൂടെ എന്നിൽ വീണ്ടും ജനിക്കേണമേ എന്ന് പ്രാത്ഥിക്കുന്നു, ആമേൻ.

# വിശ്വാസ വീരന്മാർ - വില്യം കേറി

(മുൻ ലക്കത്തിൽ നിന്നും തുടർച്ച)

**അഗ്നി ബാധയും മരണവും**

1811 - 12 വർഷം ഒരു ദുരന്ത കാലഘട്ടമായിരുന്നു. ഏഴു മിഷനറി പ്രവർത്തകരുടെയും ഭവനങ്ങളിൽ കുടുംബാംഗങ്ങളിൽ ഒരാളെങ്കിലും മരണപ്പെടുയുണ്ടായി. കേറിയുടെ ഒരു പൗത്രനും മരണത്തെ നേരിട്ടു. 1812 - ൽ വേദപുസ്തക പ്രസിദ്ധീകരണം വളരെ മെച്ചമായ രീതിയിൽ നടന്നുകൊണ്ടിരുന്നു. 200 അടി നീളവും 50 അടി വീതിയുമുള്ള ഹാളിൽ

ഇരുപതോളം പണ്ഡിതന്മാർ പ്രവർത്തിച്ചുകൊണ്ടിരുന്ന സമയം, അഗ്നി പൊട്ടിപ്പുറപ്പെട്ടു. അച്ചടിമുറിയിൽ നിന്നും ശ്വാസം മുട്ടിക്കുന്ന പുക ഓഫീസ് മുറിയിലേക്ക് പടർന്നു കയറി. മാർഷ്മാനും, തദ്ദേശവാസികളായ അനേകരും ചേർന്ന് തീ ശമിപ്പിക്കുവാൻ മണിക്കൂറുകൾ പ്രയത്നിച്ചു. എന്നാൽ കെട്ടിടം പൂർണ്ണമായും അഗ്നിക്കിരയായി.

അടുത്തദിവസം മാർഷ്മാനിൽനിന്നും ഞെട്ടലോടെയും, നിറഞ്ഞ കണ്ണു കളോടെയുമാണ് കേറി ഈ വാർത്ത കേട്ടത്. ഇവരിൽ നിന്നും ഈ വിവരം അറിഞ്ഞ തോംസൺ പൊട്ടിക്കരയുകയുണ്ടായി.

തദവസരത്തിൽ കേറി ഇപ്രകാരം പ്രതികരിച്ചു, "വർഷങ്ങളിലെ പ്രയത്നമാണ് ഒരു സായാഹ്നത്തിൽ ഒടുങ്ങിപ്പോയത്. ദൈവത്തിന്റെ വഴികൾ ആരായുകയെന്നത് എത്രയോ അസാധ്യമാണ്. പലതും അതിന്റെ പൂർണ്ണതയിൽ ഏറ്റവും മെച്ചമായി ചെയ്യുവാൻ കഴിയുന്നു എന്ന് ഒരു പക്ഷെ ഞാൻ എന്നെത്തന്നെ അഭിനന്ദിച്ചു പോയിരിക്കാം. അവങ്കലേക്ക് മാത്രം നോക്കുവാൻ ദൈവം എന്നെ താഴ്ത്തി. ദൈവം നമ്മെ ശിക്ഷിച്ചിരുന്നു, തനിക്കതു ചെയ്യുവാനുള്ള അധികാരം ഉണ്ട്. നാം തെറ്റ് തിരുത്തേണ്ടതുണ്ട്. തന്റെ മഹത്തായ ഹിതത്തിനു കീഴ്പ്പെടുവാൻ ഞാൻ താല്പര്യപ്പെടുന്നു".

വേദപുസ്തകപ്രതികളും, അതിനോട് ചേർന്ന പല പതിപ്പുകളും, പണവും നശിപ്പിക്കുവാൻ അഗ്നിക്ക് കഴിഞ്ഞിരിക്കാം, എന്നാൽ അവരുടെ ആവേശത്തെയും, അത്യുത്സാഹത്തെയും, ധൈര്യത്തേയും കെടുത്തിക്കളയുവാൻ അഗ്നിക്ക് സാധിച്ചില്ല. ദൈവത്തെക്കുറിച്ചുള്ള തീഷ്ണതയുടെയും, വ്യക്തമായ സദുദ്ദേശത്തിന്റെയും തികച്ചും ശുദ്ധമായ ആഗ്രഹ ങ്ങളുടെയും അഗ്നി അതിയായ പ്രകാശത്തോടെയും, ശക്തമായും അവരുടെ ആത്മാവിൽ ആളിക്കത്തി. അഗ്നി ശമിച്ചതിന്റെ അടുത്തദിവസം തന്നെ അവർ പ്രവർത്തനം ആരംഭിച്ചു.

ഒരു പുതിയ സ്ഥലം തിരഞ്ഞെടുത്തത് പിന്നീട് "സെറാംപൂരിലെ പ്രസിദ്ധമായ അച്ചടിശാലയായി" തീർന്നു. യഥാർത്ഥത്തിൽ അവരുടെ വലിയ ശക്തികേന്ദ്രമായ ദൈവവചനത്തിന്റെ പരിഭാഷ വീണ്ടും ആരംഭിച്ചു.

രണ്ടു മാസത്തിനകം തമിഴ് പുതിയനിയമത്തിൽ പ്രതികൾ പട്ടണങ്ങളിലേക്കും, ആരാധനാലയങ്ങളിലേക്കും അയയ്ക്കുവാൻ സാധിച്ചു. ഒരു മാസത്തിനകം രാവും പകലും പൂർണ്ണമായ പ്രവർത്തനം പുനഃരാരംഭിച്ചു. ആറുമാസത്തിനകം നഷ്ടമായതെല്ലാം വീണ്ടെടുത്തു. 1812 - ലെ അഗ്നി ബാധയിലെ നഷ്ടങ്ങളെ അതിജീവിച്ചുകൊണ്ട്, കേറിയുടെ ജീവിതകാലത്തുതന്നെ വേദപുസ്തകത്തിന്റെ 212,000 പ്രതികൾ സെറാംപൂർ അച്ചടിശാല പ്രസിദ്ധീകരിച്ചു.

1792 - 93 ൽ കൊൽക്കത്തയിലും, സെറാംപൂരിലും കേറി തന്റെ പ്രവർത്തനം ആരംഭിക്കുമ്പോൾ കൈയ്യെഴുത്തായോ, അച്ചടിച്ചതായോ ഒരു പ്രതികളും ബംഗാളി ഭാഷയിൽ ഉണ്ടായിരുന്നില്ല. ഒരു അക്രൈസ്തവ ദേശമായിരുന്ന ബംഗാളിലായിരുന്നു അച്ചടിശാല ആദ്യമായി സ്ഥാപിച്ചത്. 1801 - ൽ അദ്ദേഹത്തിന്റെ ആദ്യത്തെ ബംഗാളി പുതിയനിയമം പൂർത്തിയാക്കി. 1801 - ൽ ആരംഭിച്ചത് അദ്ദേഹത്തിന്റെ മരണം വരെ തുടർന്നു. വില്ല്യം കേറിയുടെ ജീവിതകാലത്ത് താഴെപ്പറയുന്ന ഗ്രന്ഥങ്ങൾ അദ്ദേഹം പൂർത്തിയാക്കി.

- ഏഴു വ്യാകരണ ഗ്രന്ഥങ്ങൾ
- നാലു നിഘണ്ടുകൾ - സംസ്കൃതം, ബംഗാളി, മറാത്തി, തെലുങ്ക് ഭാഷകളിൽ (1815 - ൽ 80 000 പദങ്ങളിലുള്ള സംസ്കൃത നിഘണ്ടു ലഭ്യമായി)
- പതിമൂന്നു ഭാഷകളിലുള്ള പദാവലികൾ
- നാൽപതു ഇന്ത്യൻ ഭാഷകളിൽ തർജ്ജമചെയ്ത വേദപുസ്തകങ്ങൾ
- സസ്യശാസ്ത്രം, സാമൂഹ്യാചാരങ്ങൾ, സാഹിത്യം എന്നിങ്ങനെ പല വിഷയങ്ങളെ പഠിക്കുന്നതിന് ആസ്പദമായ 132 ഗ്രന്ഥങ്ങൾ
- ബംഗാളി ഭാഷയിലേക്കു തർജ്ജമചെയ്ത രാമായണം, മഹാഭാരതം.

(തുടരും.....)

## UPCOMING EVENTS ....

- **Church Out Reach Program in June.**
- **Sunday School VBS on June 28 to 30th 2018 at Church**

**June 28,29 : 6:00 PM to 8:30 PM**

**June 30 : 2:00 PM to 6:30 PM**

# Recipe Corner

## Thick and Fluffy Pancake - Best for whole family

**Shared by: Sis. Leela George**

**Ingredients:**

- ¾ cup - Milk
- 2 tbsp - White vinegar
- 1 cup - All-purpose flour
- 2 tbsp - White sugar
- ½ tsp - Baking soda
- 1 tsp - Baking powder
- ½ tsp - Salt
- 1 egg
- 2 tbsp - Butter melted
- Butter / Cooking spray - Grease

**Directions:** Combine milk with vinegar in a medium bowl and set aside for 5 minutes to “Sour”. Combine flour, sugar, baking powder, baking soda and salt in a large mixing bowl. Whisk egg and butter into “Soured milk”. Pour the flour mixture into the wet ingredients and whisk until lump are gone. (DO not over whisk. The pancake will be tough.)

Heat the skillet over medium heat and coat with cooking spray or butter. Pour ¼cup full of batter on to the skillet and until bubbles appear on this surface. Flip with a spatula and cook until browned on the other side.

We can make 6-7 fluffy pancakes. All mothers please try, very yummy.

## Jesus is the Way – Decoder Puzzle

John 14:6 Jesus saith unto him, I am the way, the truth, and the life: no man cometh unto the Father, but by me.

**Steps:** Each number represents a letter of the alphabet. Using the Alphabet – Number chart given below find out the correct letter for the numbers and reveal the secret words.

| F | L | Q | A | U | G | M | R | B | V | H | N | Y |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |

| C | S | I | O | W | D | Z | P | J | X | E | K | T |
|---|---|---|---|---|---|---|---|---|---|---|---|---|
| 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 | 26 |

1. 22-24-15-5-15 : ______________________________
2. 1-4-26-11-24-8: ______________________________
3. 21-8-24-21-4-8-24: ___________________________
4. 21-2-4-14-24 : ______________________________
5. 7-4-12-15-16-17-12-15: ________________________
6. 26-8-5-26-11 : _____________________________
7. 9-24-2-16-24-10-24: __________________________
8. 11-24-4-8-26 : _____________________________
9. 8-24-14-24-16-10-24: _________________________
10. 14-17-7-14 4-6-4-16-12: ______________________




## Event Schedule

**Sunday Service**
09:30 AM - 11:00 AM : Malayalam Worship
11:30 AM - 1:00 PM : English Worship
1:10 PM – 2:00 PM : Urdu Worship

10:00 AM - 11:15 AM : Sunday School

**Special Worship(In Church):** Friday 7:00 PM - 9:00 PM
**Youth Meetings:** Friday 7:00 PM - 9:00 PM
**Bible Study(In Homes):**
Wednesday : 10:30 AM - 12:30 PM & 6:30 PM - 8:30 PM
**Cell Meetings:**
Northeast Philadelphia: Saturday & Sunday 6:30 PM - 8:30 PM

For more details please call us at 215-673-4967